# 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008-ലെ 28) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കുവേണ്ടി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3എ വകുപ്പ് വിട്ടുകളയൽ.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ (2008-ലെ 28) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

3. ഒഴിവാക്കൽ.—പ്രധാന ആക്റ്റിലെ 3എ വകുപ്പ് വിട്ടുകളഞ്ഞിരുന്നാൽ തന്നെയും പ്രധാന ആക്റ്റിൻ കീഴിൽ നടപടിക്രമങ്ങൾ പാലിച്ച് ഭൂമിയുടെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമായി ക്രമവൽക്കരിച്ച് നൽകിയിട്ടുള്ള സംഗതിയിൽ, അപ്രകാരമുള്ള ക്രമവൽക്കരണം സാധുവായിരിക്കുന്നതും അപ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ അല്ലെങ്കിൽ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ചുമതലയെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടിയെയോ പരിഹാരത്തെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നിയമനടപടിയോ പരിഹാരമോ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നു എന്ന രീതിയിൽ ആരംഭിക്കുകയോ തുടരുകയോ അല്ലെങ്കിൽ നടപ്പിലാക്കുകയോ ചെയ്യാവുന്നതാണ്.

---

KNPP. 1264/2016.